# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2219      10.10.2011 ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ യാത്രാസുരക്ഷിതത്വം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ വി. ശശി<br>ശ്രീ പി. തിലോത്തമൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം ആരംഭിച്ച് കരിക്കകം സ്കൂൾ വാൻ അപകടത്തിനു ശേഷം ഇതുവരെ മോട്ടോർ വാഹന വകുപ്പ് സ്കൂളുകളിലും കോളേജുകളിലും കുട്ടികളെ എത്തിക്കുന്ന വാഹനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വാഹനങ്ങൾ പരിശോധിച്ചു; ഇതിൽ സ്കൂൾ കോളേജ് അധികൃതരുടെ വാഹനങ്ങൾ എത്ര; സ്വകാര്യ വാഹനങ്ങൾ എത്ര; | (എ) പരിശോധന നടത്തിയിട്ടുണ്ട്. 2744 വാഹനങ്ങൾ പരിശോധിച്ചു.<br>സ്കൂൾ കോളേജ് അധികൃതരുടെ വാഹനങ്ങൾ - 2073<br>സ്വകാര്യ വാഹനങ്ങൾ - 671 |
| (ബി) പ്രസ്തുത വാഹന പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി; ഇതിന്റെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കൽ, മുൻ സീറ്റിൽ കുഞ്ഞുങ്ങളെ ഇരുത്തി യാത്ര ചെയ്യുക, അമിതമായി കുട്ടികളെ കയറ്റുക,. ഇ.ഐ.ബി (എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്) ഡ്രൈവർമാർക്കു വേണ്ട പത്തു വർഷത്തെ പ്രവൃത്തി പരിചയം ഇല്ലാതിരിക്കുക, സ്പീഡ് ഗവർണ്ണർ വിഘടിപ്പിച്ച വാഹനങ്ങൾ,ടാക്സ് അടയ്ക്കാത്ത വാഹനങ്ങൾ, ഫിറ്റ്നസ് പുതുക്കാത്ത വാഹനങ്ങൾ, ഡോർ അറ്റന്റർമാർ ഇല്ലാതെ ഇ.ഐ.ബി. ഓടിക്കുക, എന്നീ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ പരിശോധിച്ചതിൽ പല വാഹനങ്ങളും വാഹന പെർമിറ്റ് വ്യവസ്ഥയെ ലംഘിച്ചുകൊണ്ട് അനുവദനീയമായ എണ്ണത്തിലും കവിഞ്ഞ് വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടു പോകുന്നതും ലൈസൻസ് ഇല്ലാതെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയും വാഹനങ്ങൾ ഉപയോഗിക്കുന്നതും കണ്ടെത്തിയിട്ടുണ്ട്.<br>ടി കേസുകളിൽ വാഹന ഉടമസ്ഥനിൽ നിന്നും |

നിയമാനുസൃതമായ പിഴ ഈടാക്കുകയും വകുപ്പുതല നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. കൂടാതെ ഇ.ഐ.ബി ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. രണ്ടു വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്തു. അപകടകരമായി വാഹനം ഓടിച്ചവർക്കെതിരെ മോട്ടോർവാഹന നിയമത്തിലെ സെക്ഷൻ 184 പ്രകാരം നടപടി സ്വീകരിച്ചു. ചെക്ക് റിപ്പോർട്ട് നൽകി, സ്വകാര്യ വാഹനങ്ങൾക്ക് പിഴ നൽകി പെർമിറ്റ് എടുക്കാൻ നിർദ്ദേശിച്ചു. വാഹനങ്ങളുടെ യാന്ത്രിക ക്ഷമത ഉറപ്പു വരുത്താൻ പരിശോധന നടത്തുകയും ചെയ്തു.

(സി) വിദ്യാർത്ഥികളെ കൊണ്ടു പോകുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) തുടർച്ചയായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. ഇ.ഐ.ബി കൾ കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സ്കൂൾ ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ ട്രെയിനിംഗ് നൽകി വരുന്നു. പത്തു വർഷത്തെ പ്രവർത്തി പരിചയമുള്ള ഡ്രൈവർമാർക്ക് വയനാട് ജില്ലയിൽ കാർഡ് വിതരണം ചെയ്തു. വിദ്യാർത്ഥികളെ കൊണ്ടു പോകുന്ന സ്കൂൾ വാഹനങ്ങളുടെയും അതിൽ യാത്ര ചെയ്യുന്ന സ്കൂൾ വിദ്യാർത്ഥികളുടെയും സുരക്ഷ സംബന്ധിച്ച് കാലാകാലങ്ങളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത സ്ക്വാഡ് രൂപീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ